നന്തപുരം, കേരളാ യൂണിവേഴ്സിറ്റി കാര്യവട്ടം കാമ്പസിൽ കശുമാവ് കൃഷി ചെയ്യുന്നതിനുള്ള നടപടി എടുത്തുവരികയാണ്.

(ബി) 25.2.98-ലെ സർക്കാർ ഉത്തരവ് (സാധാരണ) 294/98/കൃഷി പ്രകാരം കശുമാവ് വികസന കൗൺസിൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ കണ്ടുവരുന്ന തേയില കൊതുകു ആക്രമണവും പൂങ്കുല കരിച്ചിലും നിയന്ത്രിക്കുന്നതിനായി കാർഷിക സർവകലാശാലയുടെ മാർഗ്ഗ നിർദ്ദേശത്തോടെ കൃഷി ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകുകയുണ്ടായി. കൂടാതെ രണ്ട് കീടരോഗ നിരീക്ഷണ യൂണിറ്റുകൾ രൂപീകരിക്കുന്നതിനും മേൽത്തരം ഒട്ടുതൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് 'പ്രോജനി' തോട്ടങ്ങൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

64 (1290) വില്ലേജുകളുടെയും താലൂക്കുകളുടെയും പുനഃസംഘടന

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. മുരളി :
ശ്രീമതി ശോഭനാ ജോർജ് :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജുകളും താലൂക്കുകളും പുനഃസംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പുതുതായി രൂപീകരിക്കുന്ന താലൂക്കുകളും വില്ലേജുകളും ഏതൊക്കെയെന്ന് അറിയിക്കുമോ;

(സി) ഈ സർക്കാർ നിലവിൽ വന്നശേഷം പുതിയ താലൂക്കുകളോ വില്ലേജുകളോ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം;

(ഡി) ഈ വർഷം പുതിയ താലൂക്കുകളും വില്ലേജുകളും രൂപീകരിക്കുമോ; എങ്കിൽ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്തെ താലൂക്കുകളുടെയും വില്ലേജുകളുടെയും പുനഃസംഘടന നടത്തുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുത്തിട്ടില്ല.

(സി) ഇല്ല.

(ഡി) കഴിവതും വേഗത്തിൽ ഈ വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

65 (1291) വസ്തു ഇടപാടുകളുടെ നിരക്ക് വർദ്ധിപ്പിച്ച നടപടി

ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വസ്തു സംബന്ധമായ എന്തെല്ലാം ഇടപാടുകൾക്കാണ് നിരക്ക് വർദ്ധിപ്പിച്ചിട്ടുള്ളത്;

(ബി) വസ്തുവിന്റെ പോക്കുവരവ് നടത്തി പട്ടയം പിടിക്കുന്നതിനുള്ള തുകയിൽ ഈ സർക്കാർ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന് മുതലാണ് പ്രസ്തുത വർദ്ധനവ് നിലവിൽ വന്നത്;

(സി) പ്രസ്തുത വർദ്ധനവ് വരുത്തിക്കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വസ്തുവിന്റെ കരം വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം വർദ്ധനവ് എന്നും എന്നുമുതലാണ് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭൂനികുതി 1.4.98 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട് മാത്രവുമല്ല, സർവേയും ഭൂരേഖയും വകുപ്പിൽ ഡിമാർക്കേഷൻ ചാർജ്ജും എഫ്.എം. സ്കെച്ചുകളുടെ പകർപ്പും നൽകുന്നതിനുള്ള ഫീസും വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) വർദ്ധനവ് വരുത്തിയിട്ടില്ല.

(സി) മുകളിൽ (ബി) പിരിവിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഡി) ഉണ്ട്. 1998-ലെ ഫിനാൻസ് ആക്ട് പ്രകാരം പഞ്ചായത്ത് പ്രദേശങ്ങളിൽ 1 ആറിന് 50 പൈസായിൽ നിന്നും 1 രൂപയായും, ടൗൺ പഞ്ചായത്ത്/മുനിസിപ്പൽ കൗൺസിൽ പ്രദേശത്ത് 1 രൂപയിൽ നിന്നും 2 രൂപയായും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് 2 രൂപയിൽ നിന്നും 4 രൂപയായും 1.4.98 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

എന്നിരുന്നാലും ഒരാളിന് പഞ്ചായത്ത് പ്രദേശത്ത് 20 ആർ കൈവശഭൂമിവരെയും ടൗൺ പഞ്ചായത്ത്/മുനിസിപ്പൽ കൗൺസിൽ ഏരിയായിൽ 6 ആർ കൈവശഭൂമിവരെയും മുനിസിപ്പൽ കോർപ്പറേഷനിൽ 2 ആർ കൈവശ ഭൂമിവരെയും ഉള്ളവർക്ക് യഥാക്രമം ഒരു ആറിന് 50 പൈസായും, 1 രൂപയും, രണ്ടു രൂപയും ക്രമത്തിൽ ഭൂനികുതി നിശ്ചയിച്ചിട്ടുണ്ട്.

66 (1292) പഴക്കം ചെന്ന രേഖകൾ സൂക്ഷിക്കുവാൻ നടപടി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റവന്യൂ ആഫീസുകളിലെ പഴക്കം ചെന്ന രേഖകൾ സൂക്ഷിക്കുന്നതിനും സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) യഥാസമയം ഇവ ലഭിക്കാത്തതിനാൽ പോക്കുവരവ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പല വില്ലേജ് ആഫീസുകളിലും ആവശ്യത്തിന് അലമാരകളും, ഷെൽഫുകളും ഇല്ലാത്തതിനാൽ രേഖകൾ തറയിൽ കിടന്ന് നശിക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly